# കേരള പ്രൈവററ് കോളേജ് ടീച്ചർ

# AKPCTA

ജേർണൽ 1982 ഫെബ്രുവരി

# കേരള പ്രൈവററ് കോളേജ് ടീച്ചർ

**അഖിലകേരള പ്രൈവററ് കോളേജ്
അധ്യാപക സംഘടനയുടെ മുഖപത്രം**

R. No. M-36025/81

Reg. No. KL/TV(N) 237

നമ്പർ : 35

വില:

ഒററപ്രതി:–75 പൈസ

വാർഷികവരിസംഖ്യ–7.50 രൂപ



**പത്രാധിപസമിതി :**

പി. രവീന്ദ്രനാഥ്

എൻ. എം. ജോസഫ്

എൻ. ഭാർഗവൻ

വി. നാരായണൻകുട്ടി

ജി. മാധവൻനായർ

എം. ആർ. ചന്ദ്രശേഖരൻ

വി. എൻ. മുരളി (ചീഫ് എഡിററർ)


---



### ആരെയാണ് അറസ്ററ് ചെയ്യേണ്ടത് ?

ചങ്ങനാശ്ശേരി എൻ. എസ്. എസ്. ഹെഡ് ഓഫീസുപടിക്കൽ ഉപവാസസത്യഗ്രഹം നടത്തിയ അധ്യാപകരെ പോലീസ് അറസ്ററ് ചെയ്യുന്നതാണ് രംഗം. അപ്പോഴും റോഡു നിറഞ്ഞു നിന്ന് മാനേജ്മെൻറ് ഗുണ്ടകളും ആക്രമണം അഴിച്ചു വിടുന്നുണ്ടായിരുന്നു.

# ജനാധിപത്യാവകാശങ്ങളുടെമേൽ എൻ. എസ്. എസ്. മാനേജുമെൻറിൻെറ കടന്നാക്രമണം

സ്വാതന്ത്ര്യ സ്നേഹികളേയും ജനാധിപത്യ വിശ്വാസികളേയും ആകെ ഞെട്ടിക്കുന്ന സംഭവമാണ് ജനുവരി 23ന് ചങ്ങനാശേരിയിൽനടന്നത്. എൻ. എസ്. എസ്. മാനേജുമെൻറ് ദിവസംപ്രതിനടത്തിക്കൊണ്ടിരിക്കുന്ന സ്ഥലം മാറ്റങ്ങൾകൊണ്ട് പൊറുതിമുട്ടിയ അധ്യാപകർ, ഇതവസാനിപ്പിക്കണമെന്നും, പൊതുതത്വം ഇക്കാര്യത്തിലുണ്ടാകണമെന്നും, ആവശ്യപ്പെട്ടുകൊണ്ട് സമാധാനപരമായിട്ടാണ് മാനേജുമെൻറു പടിക്കൽ ഉപവാസസത്യാഗ്രഹം നടത്തിയത്. നേരത്തെ മാനേജുമെൻറിന് നോട്ടീസ് നൽകിയിരുന്നു. പോലീസിനേയും വിവരം അറിയിച്ചിരുന്നു. എന്നാൽ ജനാധിപത്യത്തെ ഭയക്കുന്ന മാനേജുമെൻറ് സത്യാഗ്രഹത്തിനെത്തിയ അധ്യാപകരെ കടന്നാക്രമിച്ചു. നിരവധി അധ്യാപകർക്ക് മർദ്ദനമേറ്റു. പോലീസാകട്ടെ സമാധാനപരമായി ധർണ്ണ നടത്തിയ അധ്യാപകരെ അറസ്റ്റുചെയ്തു. റോഡ് ബ്ലോക്കു ചെയ്തുനിന്ന് അസഭ്യവർഷം നടത്തുകയും മർദനമഴിച്ചുവിടുകയും ചെയ്ത ഗുണ്ടകൾക്ക് അതൊക്കെ ചെയ്യാനുള്ള സംരക്ഷണവും പോലീസ് നൽകി. നീതിബോധമുള്ള ആരേയും അമ്പരപ്പിക്കുന്ന നടപടിയാണ് പോലീസിൻെറ ഭാഗത്തു നിന്നുണ്ടായത്.

എൻ. എസ്. എസ്. മാനേജ്മെൻറിൻെറ ഏതെങ്കിലും പ്രത്യേകാവകാശത്തേയോ അധികാരത്തേയോ ചോദ്യം ചെയ്തു കൊണ്ടല്ല അധ്യാപകർ സത്യാഗ്രഹം നടത്തിയത്. അധ്യാപകരെ സ്ഥലം മാറ്റുന്നത് ഒരു പൊതുതത്വത്തിൻെറ അടിസ്ഥാനത്തിലായിരിക്കണമെന്നതാണ് പ്രധാന ആവശ്യം. ഇന്ന് സ്ഥലം മാറ്റങ്ങളിൽ വ്യാപകമായ അഴിമതികളുണ്ട്. ഈ വർഷം തന്നെ ഇരുപതിലധികം പൊതുലിസ്റ്റുകളിറങ്ങി. ഒറ്റയ്ക്കൊറ്റക്കുള്ള സ്ഥലമാറ്റങ്ങൾ വേറെയും. യാതൊരു വ്യവസ്ഥയുമില്ലാതെ നടന്നു വരുന്ന ഈ ഏർപ്പാട് അവസാനിപ്പിക്കണമെന്നേ അധ്യാപകർ പറയുന്നുള്ളു. ഇരുപതും ഇരുപത്തഞ്ചും വർഷങ്ങളായി കുറെ അധ്യാപകർ ഒരു കോളേജിൽ തന്നെ ഇരിയ്ക്കുകയും, എ. കെ. പി. സി. ടി എ പ്രവർത്തകരായ ബഹുഭൂരിപക്ഷം അധ്യാപകരും നിരന്തരം സ്ഥലം മാറ്റപ്പെടുകയും ചെയ്യുന്നതാണ് ഇന്നത്തെ സ്ഥിതി. ഇതിനു മാറ്റം വരണമെന്നും എല്ലാവർക്കും ബാധകമാകുന്ന പൊതുതത്വങ്ങൾ ഇക്കാര്യത്തിൽ ആവിഷ്കരിക്കണമെന്നുമാണ് എ. കെ. പി. ടി. എ ആവശ്യപ്പെടുന്നത്. ഇതിനു വേണ്ടി കഴിഞ്ഞൊരു വ്യാഴവട്ടക്കാലമായി എ. കെ. പി. സി. ടി. എ പ്രക്ഷോഭരംഗത്താണ്. നിരന്തരം നടത്തിയ സമരത്തിൻെറ ഫലമായി മാനേജുമെൻറും യൂണിവേഴ്സിറ്റിയും അധ്യാപക പ്രതിനിധികളും ഒരുമിച്ചിരുന്ന് ചർച്ച ചെയ്ത് ചില പൊതു തത്വങ്ങൾ ആവിഷ്കരിച്ചു പക്ഷേ എന്തു ഫലം? മാനേജുമെൻറ് അതനുസരിക്കാൻ തയ്യാറായില്ല. കഴിഞ്ഞ ഫെബ്രുവരിയിൽ നടന്ന പൊതുപണിമുടക്കിലും ഇത് പ്രധാനപ്പെട്ട ഒരു ഡിമാൻറായിരുന്നു. അന്ന് ഗവൺമെൻറുമായുണ്ടാക്കിയ ഒത്തുതീർപ്പിൻെറ അടിസ്ഥാനത്തിൽ സ്ഥലംമാറ്റങ്ങൾക്ക് പൊതുതത്വം ആവിഷ്ക്കരിക്കുന്നതിനായി മന്ത്രിതല ചർച്ച നടന്നു. പക്ഷേ അവിടേയും മാനേജുമെൻറിൻെറ പിടിവാശിനിറഞ്ഞ നിലപാടുമൂലം പ്രശ്നപരിഹാരമുണ്ടായില്ല. എന്നുതന്നെയല്ല ഈ കാലയളവിൽ നിരന്തരമായ സ്ഥലംമാറ്റങ്ങൾ നിർബാധം തുടരുകയും ചെയ്തു. ഈ സാഹചര്യത്തിലാണ് മാനേജുമെൻറു പടിക്കൽ ഉപവാസസത്യാഗ്രഹം നടത്താൻ എ.കെ.പി.സി. ടി. എ. തീരുമാനിച്ചത്.

# മാർച്ച് ആദ്യവാരത്തിൽ ചർച്ച

കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ നടന്ന പണിമുടക്കു സമരത്തോടനുബന്ധിച്ച് കോളേജ് അധ്യാപക സമരസമിതിയുമായി സർക്കാർ ഉണ്ടാക്കിയ കരാർ പൂർണ്ണമായും നടപ്പിലാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കണമെന്നും, ഭവനനിർമ്മാണ വായ്പ, മെഡിക്കൽ റീ ഇംപേഴ്സ്മെൻറ് തുടങ്ങിയ ആനുകൂല്യങ്ങൾ അനുവദിക്കണമെന്ന് ആവശ്യപെട്ടുകൊണ്ട് എ. കെ. പി. സി. ററി. എ നേതാക്കളായ പ്രൊഫ. പി. രവീന്ദ്രനാഥ്, പ്രൊഫ. എൻ. എം ജോസഫ്, പ്രൊഫ. ടി. ഗോപാലകൃഷ്ണൻ, പ്രൊഫ. ആർ. രവീന്ദ്രൻ നായർ, എന്നിവർ ചേർന്ന് വിദ്യാഭ്യാസ മന്ത്രിക്ക് നിവേദനം സമർപ്പിച്ചു. പുതിയ കോളേജുകൾ അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽഷിഫ്ററ് ഏർപ്പെടുത്തിയിട്ടുള്ള കോളേജുകളിൽ വർക്കുലോഡിൽ കുറവു വരികയാണെങ്കിൽ സർവീസിലുള്ള അധ്യാപകർക്ക് സർവീസ് പ്രൊട്ടക്ഷൻ നൽകണമെന്നും, മൂന്നു ഡെ: ഡയറക്ടർ ഓഫീസുകളിലും ഇന്നു സ്വീകരിക്കുന്ന ചട്ടങ്ങൾഏകീകരിക്കണമെന്നും, കൊല്ലം ഡെ: ഡയറക്ടർ ഓഫീസിൽ ശമ്പള ബില്ലുകളും കടിശിക ബില്ലുകളും അനാവശ്യമായി വച്ചുതാമസിപ്പിക്കുന്ന പ്രവണത അവസാനിപ്പിക്കുവാൻവേണ്ട നടപടികൾ ഉടനെ കയ്കൊളളണമെന്നും, മൂന്നു ഡെ:ഡയറക്ടർമാരും, കോളേജിയേററു ഡയറക്ടരും, അദ്ധ്യാപക സംഘടനാ പ്രതിനിധികളും ഉൾപ്പെടുന്ന ഒരു കോൺഫറൻസ് ഈ മാസം തന്നെ വിളിച്ചു കൂട്ടണമെന്നും നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. സ്ഥലം മാററങ്ങൾക്ക് തത്വങ്ങൾ ആവിഷ്കരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എൻ. എസ്. എസ്. ഹെഡാഫീസിനു മുൻപിൽ ധർണനടത്തിയ അദ്ധ്യാപകരെ മാനേജുമെൻറു നടത്തിയ ക്രൂരമായ മർദ്ദനത്തേയും പോലീസിൻെറ പക്ഷപാതപരമായ പെരുമാററത്തേയും കുറിച്ച് അന്വേഷിക്കണമെന്നും ധർണയുടെ പേരിൽ ചങ്ങനാശ്ശേരി, പന്തളം എന്നീ കോളേജുകളിൽ നിന്ന് സ്ഥലം മാററിയ അദ്ധ്യാപകരുടെ സ്ഥലം മാററം റദ്ദു ചെയ്യണമെന്നും നിവേദക സംഘം ആവശ്യപ്പെട്ടു. മാർച്ച് ആദ്യവാരത്തിൽ തന്നെ അധ്യാപക പ്രതിനിധികളുമായി ചർച്ച ചെയ്ത് ഉടനടി തീരുമാനങ്ങൾ കൈക്കൊള്ളാമെന്ന് ബഹു: മന്ത്രി നിവേദക സംഘത്തിന് ഉറപ്പു നൽകി.

---

ഇതിനുമുമ്പും പല മാനേജുമെൻറുകളുടേയും മർദ്ദനമുറകളെ അതിജീവിച്ചാണ് അധ്യാപകപ്രസ്ഥാനം വളർന്നതും അവകാശങ്ങൾനേടിയെടുത്തതും. ഇന്ന് അധ്യാപകരെ കടന്നാക്രമിക്കുന്ന മാനേജുമെൻറും അവരുടെ കിങ്കരൻമാരും ഒരു കാര്യം ഓർത്തിരിക്കുന്നതു നന്ന്. മാനേജർക്കുണ്ടായിരുന്ന വിപുലമായ അവകാശാധികാരങ്ങൾ എങ്ങനെ നഷ്ടപ്പെട്ടു? കൈവശമിരുന്ന അധികാരങ്ങൾ തോന്നിയരീതിയിൽ ദുരുപയോഗപ്പെടുത്തിയതുകൊണ്ട്തന്നെ. അവശേഷിക്കുന്ന അധികാരവും നിങ്ങൾക്ക് നഷ്ടപ്പെടാൻ പോകുകയാണ്. കാരണം ആ അധികാരവും നിങ്ങൾ വേണ്ടത്ര ദുരുപയോഗപ്പെടുത്തുന്നുണ്ട്.

സ്ഥലംമാററത്തിന് പൊതുതത്വമുണ്ടാകണമെന്നുപറയുമ്പോൾ മാനേജുമെൻറ് വെറളിപിടിക്കേണ്ട കാര്യമില്ല. എല്ലാ അധ്യാപകരേയും ഒരേപോലെ കാണാൻ കഴിവുള്ള ഒരു മാനേജുമെൻറും ഇക്കാര്യത്തിൽ ഭയപ്പെടേണ്ടതുമില്ല. അധ്യയന നിലവാരം മെച്ചപ്പെടുത്തുന്നതിനും, കോളേജന്തരീക്ഷം സൗഹാർദ്ദപൂർണ്ണമാക്കുന്നതിനും ഏറെ സഹായിക്കുന്ന ഒന്നാണിത്. പക്ഷേ മാനേജുമെൻറിൻെറ പരിശ്രമം പ്രശ്നങ്ങൾ പരിഹരിക്കാനല്ല പ്രത്യുത അധ്യാപകരുടെ അവകാശസമരങ്ങൾ തകർക്കാനും അവരെ ഭിന്നിപ്പിക്കാനുമാണ്; അതുവഴി അഴിമതിയും കൈക്കൂലിയും തുട

(ശേഷം 22-ാം പേജിൽ)

# ഒരു മാനേജുമെൻറിൻെറ ഗുണ്ടാവിളയാട്ടം

വഴി നടക്കാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി വൈക്കം ക്ഷേത്രപരിസരത്ത് ജനങ്ങൾ നടത്തിയ സമരത്തിൽ നേതൃത്വപരമായ പങ്കു വഹിച്ചയാളാണ് ശ്രീ. മന്നത്തു പത്മനാഭൻ. പക്ഷേ അദ്ദേഹത്തിൻെറ അനുയായികളെന്നു മേനിനടിക്കുന്ന ആളുകൾ വഴിയരികിലിരുന്ന് ഉപവാസസത്യാഗ്രഹം നടത്തിയ അധ്യാപകരെ തല്ലിച്ചതച്ചു. തെറിവിളിച്ചു. പോലീസിനെക്കൊണ്ട് അറസ്റ്റു ചെയ്യിച്ചു.

മുൻകൂട്ടി നോട്ടീസ് നൽകിയിട്ടാണ് ജനുവരി 23–ന് ചങ്ങനാശേരിയിലുള്ള എൻ. എസ്. എസ്. ഹെഡ് ഓഫീസ് പടിക്കൽ അധ്യാപകർ ഉപവാസ സത്യാഗ്രഹത്തിനെത്തിയത്. സ്ഥലംമാററത്തിന് പൊതുതത്ത്വമുണ്ടാക്കുക തുടങ്ങിയ പ്രധാനപ്പെട്ട ആവശ്യങ്ങളുന്നയിച്ചുകൊണ്ടായിരുന്നു സത്യഗ്രഹം. പോലീസിനേയും വിവരം അറിയിച്ചിരുന്നു. എന്നാൽ എൻ. എസ്. എസ്. പ്രേമികളെന്ന് സ്വയം നടിക്കുന്ന ചിലർ ഈ സമയത്ത് ഓടിനടന്ന് ഗുണ്ടകളെ സംഘടിപ്പിക്കുകയായിരുന്നു. ഇരുന്നൂറോളം വരുന്ന അധ്യാപകരെ നേരിടാൻ അഞ്ഞൂറോളം ഗുണ്ടകളെ തലേന്നേ തയ്യാറാക്കി. എൻ. എസ്. എസ്. ജനറൽ സെക്രട്ടറിയും ചില ഡയറക്ടർ ബോർഡംഗങ്ങളും അവരെ അഭിസംബോധനചെയ്ത് നിർദ്ദേശങ്ങൾ നൽകി. പിന്നീട് അവർക്ക് വേണ്ടതൊക്കെ നൽകി നേരത്തെതന്നെ ഹെഡ് ഓഫീസ് പരിസരത്ത് ചാക്കഴിച്ചു വിട്ടു. റോഡരുകിൽ ധർണക്കായി പന്തലിടാൻ അവർ അനുവദിച്ചില്ല. ബാനറുകളും ബോർഡുകളും നശിപ്പിച്ചു. സത്യാഗ്രഹത്തിൽ പങ്കെടുക്കാനിരുന്ന ചങ്ങനാശ്ശേരി പരിസരത്തുള്ള അധ്യാപകരുടെ വീടുകളിൽക്കയറി ഭീഷണിമുഴക്കി. ഹോസ്ററലിൽക്കയറി വിദ്യാർത്ഥികളേയും ഭീഷണിപ്പെടുത്തി. എൻ. എസ്. എസ്. ഹെഡ്, ക്വാർട്ടേർസ് തകർക്കാൻ അധ്യാപകർ വരുന്നുവെന്ന് 'ഗീബൽസു'മുറയിൽ വ്യാജപ്രചാരണം നടത്തി. പോലീസിനെ അവിഹിതമായി സ്വാധീനിച്ച് അധ്യാപകരുടെ മൈക്ക് പെർമിഷൻ റദ്ദാക്കി. അങ്ങിനെ 'അർദ്ധരാത്രിയിലെ കുടപിടിത്തം'പലതും തലേന്നേതന്നെ മാനേജുമെൻറുള്ളിലെ 'കോക്കസ്'' നടത്തി.

ഇതുകൊണ്ടൊക്കെ അധ്യാപകർ ഭയന്നുപോകുമെന്നും അവർ ധർണ്ണയുപേക്ഷിച്ച് പമ്പകടക്കുമെന്നുമൊക്കെയാണ് ഗുണ്ടാവിളയാട്ടം സംഘടിപ്പിച്ചവർ കരുതിയത്. പക്ഷേ അവർക്കു തെററുപററി. പരാക്രമികളായ പല മാനേജുമെൻറുകളോടും ധീരതയോടെ പോരാടി അവകാശങ്ങൾ നേടിയെടുത്തിട്ടുള്ള അധ്യാപകർ ഇതൊക്കെ അറിഞ്ഞിട്ടും വിരണ്ടുപോയില്ല. മാനേജ്മെൻറിൻെറ പ്രകോപനങ്ങളിൽ സമനില വെടിഞ്ഞതുമില്ല. ബസ്സിൽ ഹെഡ് ഓഫീസ് പടിക്കൽ വന്നിറങ്ങിയ പല അധ്യാപകരേയും ഗുണ്ടകൾ കയ്യേററം ചെയ്തു. പ്രൊഫ. ടി. ഗോപാലകൃഷ്ണൻ, കെ. ജി. രാമൻപിള്ള, വി. യു. എബ്രഹാം, പി. എ. സാധുജൻ, പി. ജെ. ജയിംസ് എന്നിങ്ങനെ പലരേയും മാനേജ്മെൻറിൻെറ 'ജനാധിപത്യബോധം' കടന്നാക്രമിച്ചു. ധർണ ഇരുത്തില്ല എന്ന പിടിവാശിയിലായിരുന്നു ഗുണ്ടകളുടെ ആക്രമണം.

ചങ്ങനാശ്ശേരി ജംഗ്ഷനിൽ ഒത്തുകൂടിയ അധ്യാപകർ ഭീഷണിയുടെ മുമ്പിൽ പതറുന്നവരായിരുന്നില്ല. അവർ ബാഡ്ജ് ധരിച്ച് ആവശ്യങ്ങളെഴുതിയ പ്ളക്കാർഡുകളേന്തി ആവേശകരമായി മുദ്രാവാക്യം മുഴക്കി ധർണാസ്ഥലത്തേക്ക് നീങ്ങി. എ. കെ. പി. സി. ടി. എ. പ്രസിഡൻറ് പ്രൊഫ. പി. രവീന്ദ്രനാഥ്. ജനറൽ സെക്രട്ടറി പ്രൊഫ. എൻ. എം. ജോസഫ്, വൈസ് പ്രസിഡൻറ് പ്രൊഫ. നന്ദിയോട് രാമചന്ദ്രൻ, സെക്രട്ടറിമാരായ പ്രൊഫ. ആർ. രവീന്ദ്രൻനായർ,

പ്രൊഫ. കെ. ചിണ്ണൻകുട്ടി, ട്രഷറർ പ്രൊഫ. എൻ. ഭാർഗവൻ, സിൻഡിക്കേറ്റംഗങ്ങളായ പ്രൊഫ. ടി. ഗോപാലകൃഷ്ണൻ, പ്രൊഫ. വി. നാരായണൻകുട്ടി, കോ-ഓർഡിനേഷൻ സെക്രട്ടറി ഡോ. പി. എസ്. പണിക്കർ എന്നിവരുടെ നേതൃത്വത്തിലാണ് ജാഥ നീങ്ങിയത്. പലതരത്തിലുള്ള ഭീഷണിയും മർദ്ദനവുമെല്ലാം പ്രയോഗിച്ചിട്ടും പിന്നോട്ടുമാറാതെ അധ്യാപകർ ജാഥയായി വരുന്നതു കണ്ടപ്പോൾ ഗുണ്ടാത്തലവൻമാരായ തേവള്ളി മാധവൻപിള്ളയ്ക്കും ഭാസ്കരൻനായർക്കും കണക്കുകൂട്ടൽ തെറ്റി. ഉടനേതന്നെ റോഡിനു കുറുകെ അവർ അനുയായികളേയും കൊണ്ടുനിൽപ്പായി. അവർക്കു സംരക്ഷകരായി പോലീസും. ഹിന്ദു കോളേജിന്റെ മുമ്പിൽ വച്ച് ഗുണ്ടാസംഘവും പോലീസും അധ്യാപകരുടെ ജാഥയെ തടഞ്ഞു. ജാഥാംഗങ്ങൾ റോഡരുകിലിരുന്ന് സത്യാഗ്രഹം ആരംഭിച്ചു. അഞ്ഞൂറോളംവരുന്ന ഗുണ്ടകൾ റോഡു നിറഞ്ഞുനിന്ന് തെറിവിളിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നപ്പോഴും 'സ്ഥലം മാറ്റങ്ങൾക്ക് പൊതുതത്വം ആവിഷ്കരിക്കുക' 'അഴിമതി അവസാനിപ്പിക്കുക' തുടങ്ങിയ മുദ്രാവാക്യങ്ങൾ അധ്യാപകർ ഉച്ചത്തിൽ മുഴക്കിക്കൊണ്ടിരുന്നു. സത്യഗ്രഹമാരംഭിച്ച അധ്യാപകരെ കടന്നാക്രമിക്കാനായിരുന്നു ഗുണ്ടാവിളയാട്ടക്കാരുടെ പിന്നത്തെ പരിശ്രമം. പല അധ്യാപകർക്കും കല്ലേറു കൊണ്ടു നന്ദിയോടു രാമചന്ദ്രൻ, എൻ. എം. പൗലോസ്, ജോസഫ് പുത്തൻപുര തുടങ്ങിയവർക്കു പരുക്കുപറ്റി. സത്യഗ്രഹികൾക്ക് അഭിവാദ്യമർപ്പിക്കാനെത്തിയവരേയും ഗുണ്ടകൾ വെറുതേവിട്ടില്ല. വിവിധ വിദ്യാർത്ഥി സംഘടനയിൽപ്പെട്ടവർ ആക്രമണത്തിനിരയായി. ഫോട്ടോഗ്രാഫറേയും മർദ്ദിച്ചു.

സമാധാനപരമായി ധർണ്ണനടത്തിയ അധ്യാപകർക്ക് സംരക്ഷണം നൽകേണ്ട പോലീസ് ആചുമതല നിറവേറ്റിയില്ല. എന്നു മാത്രമല്ല ധർണയിരുന്ന അധ്യാപകരെ നിരന്തരം ഭീഷണിപ്പെടുത്തുകയും ചെയ്തു. ഭീഷണികൊണ്ടു പ്രയോജനമില്ലെന്നു കണ്ടപ്പോൾ അവർ അധ്യാപകരെ അറസ്റ്റുചെയ്ത് പോലീസ് സ്റ്റേഷനിലേയ്ക്കുകൊണ്ടുപോയി. അധ്യാപകരേയും വിദ്യാർത്ഥികളേയും മർദ്ദിച്ചവർക്കെതിരേ കേസ്സെടുക്കണമെന്ന ആവശ്യം ചെവിക്കൊള്ളാൻ പോലീസ് തയ്യാറായില്ല. ഉച്ചയ്ക്ക് രണ്ടു മണിക്കാണ് അധ്യാപകരെ വിട്ടയച്ചത്.

## ചങ്ങനാശ്ശേരിയിൽ വമ്പിച്ച പ്രതിഷേധയോഗം

സമാധാനപരമായി ധർണ നടത്തിയ അധ്യാപകരെ മർദിച്ച എൻ. എസ്. എസ്. മാനേജ്മെന്റു നടപടിയെ അപലപിച്ചു കൊണ്ട് ധർണാ ദിവസം വൈകിട്ട് ചങ്ങനാശ്ശേരി കവലയിൽ വമ്പിച്ച പ്രതിഷേധ യോഗം നടന്നു. റോഡരുകിലിരുന്ന് ധർണ നടത്താനുള്ള അവകാശത്തെപ്പോലും കടന്നാക്രമിച്ച മാനേജ്മെന്റിന് ശക്തമായ തിരിച്ചടി നേരിടേണ്ടി വരുമെന്ന് യോഗത്തിൽ പ്രസംഗിച്ചവർ മുന്നറിയിപ്പു നൽകി. വി. ആർ. ഭാസ്കരൻ (കൺവീനർ. ഐക്യട്രേഡ് യൂണിയൻ കമ്മിറ്റി) മത്തായി (എൻ. ജി. ഒ. യൂണിയൻ) കെ. എൻ. ബാബു (സമരസഹായ സമിതി) വി. പി. മാത്യു (കെ. ജി. ടി. എ) പ്രൊഫ. പി. രവീന്ദ്രനാഥ്, പ്രൊഫ. ആർ. രവീന്ദ്രൻ നായർ, പ്രൊഫ. എൻ. എം. ജോസഫ്, പ്രൊഫ. വി. നാരായണൻകുട്ടി, തോളൂർ ശശിധരൻ എന്നിവർ പ്രതിഷേധ യോഗത്തിൽ സംസാരിച്ചു.

## ഹിന്ദുകോളേജിൽ പഠിപ്പു മുടക്ക്

മാനേജ്മെന്റ് ഗുണ്ടകൾ, ധർണ നടത്തിയ അധ്യാപകരേയും അവർക്ക് അഭിവാദ്യമർപ്പിക്കാനെത്തിയ വിദ്യാർത്ഥികളേയും മർദ്ദിച്ചതിൽ പ്രതിഷേധിച്ച് ജനവരി 25-ാം തീയതി ഹിന്ദു കോളേജ് വിദ്യാർത്ഥികൾ പഠിപ്പു മുടക്കി പ്രകടനം നടത്തി. പിന്നീട് ചേർന്ന അവരുടെ യോഗം, അക്രമികളുടെ മേൽ കർശനമായ നടപടികളെടുക്കണമെന്ന് അധികാരികളോടാവശ്യപ്പെട്ടു.

(ശേഷം 22-ാം പേജിൽ)

# Private Management in Higher Education in Bihar- The Beginning and the End

**Ekram Shabnam**

Before independence there were very few colleges in Bihar. The only university then, namely the Patna University, affiliated five government colleges and some private colleges imparting education up to the degree standard.

On 15 August, 1947 the total number of non-technical colleges in the state, including the government colleges, was only twenty two At least six of them were established in the nineteenth century, the oldest among them being the Patna College, followed by T. N. J. (now T. N. B.) College, Bhagalpur.

The five govenment colleges were directly controlled by the state government. The teachers of these colleges were appointed as officers in the Bihar Educational Service Cadre. The teaching imparted in these colleges was generally satisfactory.

Of the seventeen private colleges established before independence, two-the St. Columbia's College, Hazaribagh and the Women's College, Patna-were founded and run by christain missions. Both these private colleges had good buildings, adequate teaching equipments, a band of dedicated teachers and all the other features that go to make a good educational institution.

Of the private colleges five, namely, the T. N. J. College, Bhagalpur, the B. N. College, Patna, the St Columba's College. Hazaribagh, the Nalanda College, Biharsharif, and the D. J. (now R. D. and D.J.) College, Monghyr, were full deficit grant government-aided colleges, though they were initially started by rich individuals. Three of these colleges (at Madhubani, Arrah and Gaya) were opened and financed by big businessmen Most others, including the G. B. B (now L.S) College, Muzaffarpur, taken over by the state government, owed their establishment to big landlords of the state.

Most of these big donors were inspired by a sense of nationalism. They were munificent donors, interested in the spread and development ol higher education in the state. They were usually owners of vast estates and occupied very eminent position in society. The upsurge of nationalism in the country, the impact of the widening of area os contact with the fast changing international situation, the increasing political awarenes and patriotic consiousness among the masses, the general rewakening among the people with regard to their economic, political, educational and cultural ilfe and aspirations, the realisation of the educational backwardness of the province of Bihar and the growing interest of the upper and middle classes in higher education had infused in these wealthy businessmen and landlords a sense of social

responsibility, urging them to establish new centres of higher education even by parting with a slice of their vast wealth.

These colleges of pre-independence days were usually well-maintained and properly managed. Every effort was made to expand the academic scope of these institutions and to develope them as educational and cultural centres.

After the freedom of the country from colonial rule, higher education in the state began to expand in a big way. As the realisation of the need for new institutions grew, some rich persons, moved by philanthropic interests, or on pressure from the local people, opened private colleges in their respective regions. Some colleges were also established at the initiative of educationists and social workers who collected small contributions from the local people for the purpose. In the course of the first five years after independence as many as sixteen new colleges came into existence.

By the University Act of 1952, a new university, namely, the University of Bihar was created with its headquarters at Muzaffarpur and its territorial jurisdiction spread over the Colleges of the whole state except those that came under the Patna University which was converted into a teaching-cum-residential University with its territorial jurisdiction confined to the city of Patna. The conduct of the matriculation examination was transferred from Patna University to the Bihar School Examination Board.

The process of opening of new colleges-all private-continued with greater vigour under the Bihar University. These colleges were located mainly at district and sub-divisional headquarters. They served a great social need because the growing demand for higher education by the middle and the lower middle classes could not be met by the older colleges. Most of these colleges, founded during the fifties, were run efficiently because the entire local population was interested in their growth and the whole community was involved in their well-being and promotion. Adequate teaching facilities were provided to the students and appointments in these colleges were made on the basis of merit.

However, things began to change with the advent of the sixties. The new University Acts of 1960 and 1961 brougt into existence altogether five universities in place of two. Four affilating universities, namely, the Universities of Bhagalpur Bihar, Ranchi and Magadh, were created for the four divisions of the state, while the jurisdiction and character of the Patna University, after a short break for a year and a half, remained unchanged (The Mithila University was created much later, in 1972). The provisions of the new acts were less democratic than those of the Acts of 1952 and, at the same time, they eroded the autonomy of the university. This had farreaching effect upon the administration of higher education and was partly responsible for the subsequent general decline in the functioning of the universities.

At the same time the state government thought that its responsiblity ended with the creation of the universities. It never cared to create or to sponsor new colleges, nor did it prepare any scheme for the systematic expansion of higher education. The universities, on their part,

started functioning without vision and had no short–term or long-term plan for creation of centres of learning. More and more students were passing the secondary school examination every year and the state needed new colleges; but nothing was done either by the government or by the universities to open new colleges or even to make an assessment of the educational requirements of the different regions under a university. This provided an ideal opportunity to the vested interests to step in, without any fear of interference from any quarter whatsoever. As a result, there started in the second half of the sixties, a process of growth of new affliated colleges in a haphazard and unplanned manner which reached an explosive stage in the seventies.

Most of the colleges that came up during the period 1963-1972 were opened not by persons who were interested in the growth and promotion of higher education but by those who had some other ends to serve. Persons with political ambitions had discovered that by cantrolling the management of a college they could expand their sphere of influence by bossing over the teachers, the students and their guardians and could use them in their political campaigns. They comfortably collected some funds, opened colleges, used their political connections to secure affiliations, appointed a few teachers and employees of their choice on a nominal salary and began to rule the roost. This method was used dy persons who had already gained political prominence, to consolidate and perpetuate their power and influence, as also by political non-entities who used the college management as a springboard in the race for regional leadership and a short-cut to political power.

Another motivation for opening new colleges was the desire to perpetuate the family name. Some rich traders and land-owners,eager to immortalise their own names, Invested a certain amount in founding a college, named it after themselves or their forefathers and, at the same time, ensured for themselevs permanent membership of the governing body on the donor's seat. No thought was given, however, to whether a college was actually needed or not.

Caste consideration was another important factor cantributing to the birth of poor, illmanged and sub-standard colleges during the sixties and seventies. Casteism, which had been growing fast in the state, was bound to affect education and educational institutions, as it did other organs of tha society. Even at small places where there already existed a college dominated by a certain caste, people of another caste opened a new college to serve their own caste interests and this inspired the leaders of a third caste to own and manage a college of their own. These colleges were usually named after some known caste leaders, dead or alive, and appointments of teachers and other staff were also made on the same consideration. Very soon we had to watch the unpleasant spectacle of a small town having a Rajput college, a Bhumihar college, a Brahmin college and a college of the backward castes.

The government's drive in the early seventies against black money also made some ill-gotten money seek cover under educational institutions including new colleges, which not only gave shelter

to; but also helped in acquiring further; ill-gotten wealth.

Similarly, big landowners, who were in possession of surplus land, found a novel method of circumventing the ceiling laws. They 'donated' their land in excess of the ceiling to colleges located in rural areas without transferring the actual possession, thus killing several birds with one stone. They were\ recognised as 'donors' to the colleges and thus became entiteld to the membership of the governing body; in many case they got the colleges named after themselves or their parents and thus earned a more prominent position in society; at the same time they retained the actual possession of the land donated to the college and thus wriggled out of the net cast by the land-ceiling laws of the government. Many such fake donations were made by feudal lords and big 'Mahanths' during the period 1967-75.

This writer in an interview with the Principal of an affiliated college under Mithila University, located in a district town, requested him to show the legal documents in respect to the land purported to belong in the college. It was revealed that the college had three chunks of land at three different places. One of them measuring about 18 acres was donated to the college in 1969 and, by virtue of this donation, the donor-landlord had got his own name added to the name of the college which already bore the name of a previous donor. However, when the college decided to exercise its claim to the land, it came to light that the donor concerned had given away the same plot of land as donation to the Bhoodan Movement far back in 1964. With regard to the other piece of land measuring about 21 acres and 'donated' by another 'lover of education', the Principal ruefully informed this writer that the land was at a distance of over 14 miles from the college and that it belonged to the college in name only because the 'donor' himself cultivated the land and took away the produce. The college did not get even one paisa from this 'property.'

In another case, a certain 'Mahanth' of the old Gaya district, while campaigning for his election to the Bihar Assembly promised to the people of the constituency that if they voted for him, he would eatablish a college there as soon as he was elected. The people voted for him. The Mahanth kept his promise too. He announced the donation of 80 acres of land. The foundation stone of the college was laid and the college was named after the Mahanth. It got affiliated to the Magadh University in 1970. However, till this day the college has not received a single paisa from this big 'donation', nor has the college any legal proprietory right to this 'donated land'.

In yet another case a college under Bihar University had among its landed assets an orchard spread over 40 acres of land donated by a very big feudal lord. The college budget, however, showed an annual income of Rs. 65 only from this big orchard. This college is now a constituent unit of the university.

Another college, this time of Bhagalpur University, in the district of Monghyr claimed to be in possession of 311 'bighas' of land given to it in 'donation'. However, the annual income to the college from this vast chunk of land was less than Rs. 10.

*(Contd Page 15)*

ശ്രീ. കെ. പി. മാത്യുപ്രശ്നം

# തുരുത്തിക്കാട് B. A. M. കോളേജ് എ. കെ. പി. സി. ടി. എ ബ്രാഞ്ച് പുറപ്പെടുവിക്കുന്ന പ്രസ്താവന

B. A. M. കോളേജ് ഫിസിക്സ് ഡിപ്പാർട്ടുമെൻറിൽ ശ്രീ. ജേക്കബ് P. ജോൺ ലീവെടുത്തപ്പോൾ 1977—ൽ ഒഴിവു വന്ന തസ്തികയിൽ ശ്രീ. K. P. മാത്യുവിനെ നിയമിച്ചു. തുടർന്ന് അതേ ഡിപ്പാർട്ടുമെൻറിൽ 1979—ൽ ഒരു സ്ഥിരം ഒഴിവ് ഉണ്ടായപ്പോൾ ശ്രീ. K. P. മാത്യുവിനെ ആ ഒഴിവിൽ നിയമിക്കണം എന്ന് അദ്ദേഹം മാനേജരോടപേക്ഷിച്ചു. പക്ഷേ അതു കണക്കിലെടുക്കാതെ മാനേജർ അദ്ദേഹത്തിൻെറ അടുത്ത ബന്ധുവായ ശ്രീ. തോമസ് എബ്രഹാമിനെ ആ ഒഴിവിലേക്ക് നിയമിക്കുകയാണുണ്ടായത്. കേവല നീതിയുടെ നഗ്നമായ ഈ ലംഘനത്തിനെതിരെ K. P. മാത്യു യൂണിവേഴ്സിററിയോടു പരാതിപ്പെട്ടു. യൂണിവേഴ്സിററി ഈ പ്രശ്നം അവഗാഢമായി പരിചിന്തിക്കുകയും അതേ തുടർന്ന് മാത്യുവിനെ സ്ഥിരം വേക്കൻസിയിൽ നിയമിക്കണമെന്ന് മാനേജരോടു രേഖമൂലം ആവശ്യപ്പെടുകയും ചെയ്തു. മാനേജർ അതനുസരിക്കാൻ തെല്ലും കൂട്ടാക്കിയില്ലെന്നു മാത്രമല്ല ശ്രീ. മാത്യുവിനെ ദ്രോഹിക്കുന്നതിനും സർവ്വീസിൽ നിന്നും പിരിച്ചയയ്ക്കുന്നതിനും വേണ്ടി മാനേജരും പ്രിൻസിപ്പലും ചേർന്ന് ഇക്കാലമത്രയും പ്രവർത്തിയ്ക്കുകയുമാണ് ചെയ്തത്.

ശ്രീ. തോമസ് എബ്രഹാമിൻെറ നിയമനത്തിന് ഇതുവരേയും അംഗീകാരം ലഭിക്കാത്തതിനാൽ അദ്ദേഹം യൂണിവേഴ്സിററിയെ പ്രതി ചേർത്ത് കേരളാ ഹൈക്കോടതിയിൽ കേസു കൊടുത്തു. ഇക്കാര്യത്തിൽ യൂണിവേഴ്സിററി ഒരു തീരുമാനം എടുക്കണമെന്ന് ഹൈക്കോടതി കൊടുത്ത നിർദ്ദേശത്തിൻെറ വെളിച്ചത്തിൽ യൂണിവേഴ്സിററി സിൻഡിക്കേററ് വീണ്ടും യോഗം ചേർന്ന് ഈ പ്രശ്നം പരിചിന്തനം ചെയ്യുകയും തോമസ് എബ്രഹാമിൻെറ നിയമനം ക്രമരഹിതമാണെന്ന് വിധിക്കുകയും ചെയ്തു. അതിനെതിരേ O .P916/80—ആയി ശ്രീ. തോമസ് എബ്രഹാം യൂണിവേഴ്സിററിയേയും K. P. മാത്യുവിനെയും മാനേജരേയും പ്രതി ചേർത്ത് കേസ് കൊടുത്തിരിക്കയാണ്.

ശ്രീ. K. P. മാത്യുവിൻേറയും A K P. C. T. A. യുടേയും നിരന്തരമായ അഭ്യർത്ഥനകളും നിവേദനങ്ങളും മാനേജർ നിഷേധിക്കയാൽ ശ്രീ. മാത്യു തിരുവല്ലാ മുനിസിഫ് കോടതിയിൽ അദ്ദേഹത്തെ പിരിച്ചുവിടുന്നതിൽ നിന്നും മാനേജരെ വിലക്കണമെന്ന് കാണിച്ച് 1981 ഡിസംബർ 15—ാം തീയതി പരാതി കൊടുത്തു. മുൻസിഫ് കോടതിയിൽ നിന്നും താല്ക്കാലിക നിരോധനവും ലഭിച്ചു. 1982 ജനുവരി 18—ാം തീയതി വാദം കേൾക്കുകയും 20—ാം തീയതി നിരോധനം സ്ഥിരപ്പെടുത്തിക്കൊണ്ട് ഉത്തരവ് ഇടുകയും ചെയ്തു. ഫിസിക്സ് ഡിപ്പാർട്ടുമെൻറിലെ സ്ഥിരം ഒഴിവ് ഇപ്പോഴും ഒഴിവായി കിടക്കുന്നതു കൊണ്ട് O. P. 906—ൻെറ തീരുമാനം ആകുന്നതുവരെയും ശ്രീ. മാത്യുവിനെ പിരിച്ചുവിടരുതെന്നും 20—ാം തീയതി കഴിഞ്ഞു ജോലിയിൽ തുടരാൻ അനുവദിക്കണം എന്നും ഉത്തരവിൽ വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ ജനുവരി 21—ാം തീയതി ശ്രീ. മാത്യു കോളേജിൽ ചെന്നപ്പോൾ അററൻഡൻസ്

രജിസ്ററിൽ അദ്ദേഹത്തിന്റെ കോളം 22-ാം തീയതി മുതൽ മുൻപോട്ടു വെട്ടിയിരിക്കുന്നതാണ് കണ്ടത്. ശ്രീ. മാത്യു ഒപ്പിടുക തന്നെ ചെയ്തു. പക്ഷെ അത് പിന്നീട് വെട്ടിക്കളഞ്ഞതായി കാണപ്പെട്ടു. തന്നെയുമല്ല അററൻറൻസ് രജിസ്ററർ പ്രിൻസിപ്പൽ തന്നെ സൂക്ഷിക്കുകയും; ഒപ്പിടേണ്ടവർ അദ്ദേഹത്തിന്റെ അടുത്തുചെന്ന് ഒപ്പിടണമെന്ന് നിഷ്കർഷിച്ചും കൊണ്ടു ഒരു നോട്ടീസ് പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. മററുള്ളവരെപ്പോലെ ശ്രീ. മാത്യുവും രജിസ്റ്ററിൽ ഒപ്പിടുന്നതിനുവേണ്ടി പ്രിൻസിപ്പലിനെ രാവിലെയും ഉച്ചയ്ക്കും സമീപിക്ക ഉണ്ടായെങ്കിലും ധാർഷ്ട്യപൂർവ്വം പ്രിൻസിപ്പൽ അതിന് അനുവാദം നിഷേധിക്കയാണുണ്ടായത്.

എല്ലാററിനും ഉപരി 21-ാം തീയതിയും 22-ാം തീയതിയും ശ്രീ. മാത്യു പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ പ്രിൻസിപ്പലും ഒരു വിഭാഗം ഓഫീസ് ജീവനക്കാരും ക്ലാസ്സിൽ കടന്നു ചെല്ലുകയും, വാഗ്വാദവും ഭീഷണിയും കൊണ്ട് ക്ലാസ്സുകൾ മുടക്കുകയും, കുട്ടികളെ ബലമായി ക്ലാസ്സിൽ നിന്നും ഇറക്കിവിടുകയും ചെയ്യുക ഉണ്ടായി. 25-ാം തീയതി കോളേജിന് അവധി നൽകി. എങ്കിലും അദ്ധ്യാപകർ ഒപ്പിടേണ്ടിയിരുന്നു. അതിനായി ശ്രീ. മാത്യു പ്രിൻസിപ്പലിന്റെ ഓഫീസിൽ ചെന്നപ്പോൾ അദ്ദേഹത്തിന് പ്രവേശനം നിഷേധിച്ചു. പ്രവേശിച്ചാൽ കൈയേററം ചെയ്യാൻ തയ്യാറായി ചിലരെയെല്ലാം അവിടെ ഒരുക്കിനിർത്തിയിട്ടും ഉണ്ടായിരുന്നു.

ശ്രീ. മാത്യുവിനെ പിരിച്ചു വിടുകയാണെങ്കിൽ, രണ്ടു മാസം; ഒരു വർഷം; രണ്ടു വർഷം വീതം സർവ്വീസുള്ള മൂന്നാളുകൾ അതേ ഡിപ്പാർട്ടുമെന്റിൽ ജോലിയിൽ തുടരുമ്പോൾ അഞ്ചു വർഷത്തോളം സർവ്വീസുള്ള ആൾ പുറത്തു പോകുകയായിരിക്കും ചെയ്യുക. സമുന്നതമായ നീതി പീഠങ്ങളുടെ തീരുമാനങ്ങളും വിലക്കുകളും കാററിൽ പറത്തിക്കൊണ്ട് ഈ കോളേജിലെ അധികാരികൾ കാട്ടിക്കൂട്ടുന്ന വിക്രിയകളിൽ ഏററവും അവസാനത്തേതു മാത്രമാണിത്.

ഇതിനെതിരായി ഈ നാടിന്റെ സാമൂഹ്യ മനസ്സാക്ഷി ഉണരണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. □

# ജില്ലാ വാർത്തകൾ

## തൃശൂർ

തൃശൂർ ജില്ലാ കൗൺസിൽ ഫെബ്രുവരി രണ്ടാം തീയതി ശ്രീബുദ്ധ ടൂറിസ്ററ് ഹോമിൽ കൂടി. പ്രസിഡൻറ് പ്രൊഫ. ടി. രാജൻ അദ്ധ്യക്ഷതവഹിച്ചു. ഫെബ്രുവരി 4-ാം തീയതിയിലെ പ്രതിഷേധ ദിനാചരണം എല്ലാ ബ്രാഞ്ചുകളിലും വിജയിപ്പിക്കാൻ തീരുമാനിച്ചു. ജനുവരി 23-ാം തീയതി എൻ. എസ്. എസ്. മാനേജുമെൻറിനുമുമ്പിൽ ധർണ നടത്തിയ അധ്യാപകർക്കെതിരേ മാനേജുമെൻറു ഗുണ്ടകൾ നടത്തിയ ആക്രമണം സെക്രട്ടറി വിശദീകരിച്ചു. ഈ ആക്രമണത്തിൽ ജില്ലാകൗൺസിൽ ശത്തമായ പ്രതിഷേധം രേഖപ്പെടുത്തി. ബ്രാഞ്ചുകളിൽ പ്രതിഷേധയോഗങ്ങൾ നടന്ന വിവരം സെക്രട്ടറിമാർ റിപ്പോർട്ടുചെയ്തു.

ജില്ലയിലെ മെമ്പർഷിപ്പ് ഈ വർഷം വർദ്ധിച്ച വിവരം സെക്രട്ടറി അറിയിച്ചു. വെൽഫയർട്രസ്ററ് അംഗങ്ങളുടെ എണ്ണവും വർദ്ധിപ്പിക്കാൻ യോഗം തീരുമാനിച്ചു. ഫെബ്രുവരി 28 ന് നടക്കുന്ന വനിതാസമ്മേളനം വിജയിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് ബ്രാഞ്ച് സെക്രട്ടറിമാരെ ചുമതലപ്പെടുത്തി. കുന്ദംകുളം കോളേജിലെ പ്രിൻസിപ്പൽ നിയമനത്തിന്റെ പ്രശ്നത്തിൽ ഇതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ശ്രീ കേരളവർമ്മ കോളേജ് ബ്രാഞ്ച് സെക്രട്ടറി എൻ. ഗോപാലകൃഷ്ണൻ വിശദീകരിച്ചു. തൃശൂർ ജില്ലയിൽ കോളേജധ്യാപകർ തുടങ്ങുന്ന കോ-ഓപ്പറററീവ് സൊസൈററിയുമായി സഹകരിക്കണമെന്ന് എല്ലാവരോടും അഭ്യർത്ഥിച്ചു. ജില്ലാസെക്രട്ടറി പ്രൊഫ. ടി. വി. ജെയിംസ് നന്ദിരേഖപ്പെടുത്തി.

# കോഴിക്കോട് യൂണിവേഴ്സിററി സെനററ് യോഗം ജനുവരി 1, 2

അധ്യാപക പ്രതിനിധികളുടെ ചോദ്യങ്ങൾക്കു ലഭിച്ച മറുപടികൾ

## S. N. കോളേജിലെ അധ്യാപകരുടെ അപ്രൂവൽ പ്രശ്നം

1980–81– ൽ കാലിക്കട്ട് യൂണിവേഴ്സാററിയുടെ പരിധിയിലുളള എസ്. എൻ. കോളേജുകളിൽ പുതുതായി നിയമിക്കപ്പെട്ട 19 അധ്യാപകരിൽ 5 പേർക്ക് അപ്രൂവൽ നൽകിയിട്ടുളളു. പൊളിററിക്സ് അധ്യാപകരെ ചരിത്രം പഠിപ്പിക്കാൻ നിയമിച്ചതുകൊണ്ടും റാങ്ക്ലിസ്ററിൽ സീനിയറായവർക്ക് നിയമനം ലഭിച്ചുവോ എന്ന് അറിയാത്തതുകൊണ്ടും, മുമ്പ് അതേ തസ്തികയിൽ നിയമിച്ചവരുടെ നിയമനം അംഗീകരിക്കാത്തതു മൂലവുമാണ് ബാക്കിയുളളവർക്ക് അപ്രൂവൽ നൽകാൻ താമസിക്കുന്നതെന്ന് പ്രൊഫ. എൻ. ശിവരാജൻെറ ചോദ്യത്തിന് മറുപടി ലഭിച്ചു.

## ട്രാൻസഫ്ർ അപ്രൂവൽ

ട്രാൻസർ അപ്രൂവൽ നല്കുന്നതിൽ ഇന്നുളള കാലതാമസം ഒഴിവാക്കാൻ ഉടൻതന്നെ നടപടി സ്വീകരിക്കുന്നതാണെന്ന് പ്രൊഫ. സുകുമാരൻ നായരുടെ ചോദ്യത്തിന് മറുപടിയായി യൂണിവേഴ്സിററി അറിയിച്ചു. അധ്യാപകർ മുൻപു ജോലിചെയ്തിരുന്ന കോളേജുകളിൽ അപ്രൂവൽ ലഭിക്കാതിരിക്കുക, മുമ്പ് അതേ തസ്തികയിൽ ജോലിചെയ്തിരുന്ന അധ്യാപകൻെറ അപ്രൂവൽ ഇല്ലാതിരിക്കുക, ട്രാൻസ്ഫർ ചെയ്ത അവസരത്തിൽ ശരിയായ വർക്ക്ലോഡ് ഇല്ലാതെ വരിക, പ്രിൻസിപ്പൽമാരിൽ നിന്നും കിട്ടേണ്ട രേഖകൾ കിട്ടാതാവുക തുടങ്ങിയ കാരണങ്ങളാണ് അപ്രൂവൽ നൽകുന്നതിന് ഇന്നുകാലതാമസമുണ്ടാക്കുന്നതെന്നും യൂണിവേഴ്സിററി അറിയിച്ചു.

## കുന്ദംകുളം കോളേജ് പ്രിൻസിപ്പൽ നിയമനം

കൊച്ചി ദേവസ്വം ബോർഡ്, കുന്ദംകുളത്ത് ഈ വർഷം ആരംഭിച്ച ശ്രീ വിവേകാനന്ദാ കോളേജിലെ പ്രിൻസിപ്പൽ നിയമനത്തെപ്പററി യൂണിവേഴ്സിററിക്കു ലഭിച്ച പരാതി സിൻഡിക്കേററിൻെറ സജീവപരിഗണനയിലാണെന്നും അതിന്മേൽ പെട്ടെന്നുതന്നെ തീരുമാനമെടുക്കുന്നതാണെന്നും പ്രൊഫ. പി. കെ. ടി രാജായെ അറിയിച്ചു.

## റമ്യൂണറേഷൻ കാലതാമസം

1980 ഏപ്രിൽ മാസത്തിൽ നടന്ന ഒന്നാം വർഷ പ്രീഡിഗ്രി മാത്തമാററിക്സ് പരീക്ഷാ ബോർഡിലെ ആർക്കും നാളിതുവരെ റമ്യൂണറേഷൻ കിട്ടാത്തതു് അവരുടെ ബില്ല് യൂണിവേഴ്സിററി ഓഫീസിൽ കിട്ടാത്തതുകൊണ്ടാണെന്നും. ഇതിന്മേൽ അടിയന്തിര നടപടികൾ കൈക്കൊളളുന്നതാണെന്നും പ്രൊഫ. പി ഗോപാലകൃഷ്ണൻ നായരെ അറിയിച്ചു.

## സ്ഥലംമാററം

കോർപ്പറേററ് മാനേജുമെൻറുകൾ അധ്യാപകരുടെ സ്ഥലം മാററം നടത്തുന്നതിനുമുമ്പ് യൂണിവേഴ്സിററിയുടെ മുൻകൂട്ടിയുളള അനുവാദം വാങ്ങിയിരിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കാനുളള സാധ്യതകളെപ്പററി പരിശോധിക്കാം എന്ന് ഡോ: പി. എസ്. പണിക്കരുടെ ചോദ്യത്തിന് മറുപടിയായി യൂണിവേഴ്സിററി അറിയിച്ചു.

○

# മാനേജ്മെൻറിൻെറ മർദ്ദനനയത്തിൽ
# സാർവത്രികമായ പ്രതിഷേധം

## എ കെ ജി സി ടി

കോർപറേററ് മാനേജ്മെൻറ് കോളേജുകളിലെ അധ്യാപകരുടെ സ്ഥലം മാററത്തിൽ പൊതുതത്വം ആവിഷ്ക്കരിക്കണമെന്നആവശ്യം മുൻനിർത്തി എൻ എസ് എസ് കേന്ദ്ര ആഫീസിനുമുൻപിൽ സമാധാനപരമായി കൂട്ട ധർണ്ണ നടത്താൻ ചെന്ന കോളേജ് അധ്യാപകരെ മാനേജ്മെൻറ് ഗുണ്ടകൾ യാതൊരു പ്രകോപനവും കൂടാതെ ആക്രമിച്ചതിൽ എ കെ ജി സി ടി ശക്തിയായി പ്രതിഷേധിക്കുന്നു.

സമരം ചെയ്യാനുള്ള ജനാധിപത്യാവകാശങ്ങൾക്കുനേരെയുള്ള കടന്നാക്രമണമാണിതു്. ആക്രമണകാരികളെ വെറുതെവിടുകയും സമാധാനപരമായി ധർണ്ണനടത്താൻ ചെന്ന അദ്ധ്യാപകരെ അറസ്റ്റു ചെയ്യുകയും ചെയ്ത പോലീസിൻെറ നടപടി അങ്ങേയററം പ്രതിഷേധാർഹമാണ്. ഈ പോലീസ് നയം കേരള സർക്കാർ പരിശോധനക്ക് വിധേയമാക്കണമെന്ന് എ കെ ജി സി ടി ആവശ്യപ്പെടുന്നു.

എൻ എസ് എസ് ഹെഡ് ആപ്പീസിനു മുമ്പിൽ നടന്ന ക്രൂരമർദനത്തെക്കുറിച്ചന്വേഷിക്കുകയും കുററവാളികളെമാതൃകാപരമായി ശിക്ഷിക്കുകയും ചെയ്യാൻ ഗവർമെൻറ് ഉടൻ തന്നെ സന്നദ്ധമാകണം.

## കെ. പി. ടി. യു.

സ്ഥലംമാററങ്ങൾക്ക് പൊതുതത്വം ഉണ്ടാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ചങ്ങനാശേരിയിലെ എൻ എസ് എസ് ഹെഡ് ആപ്പീസിനു മുമ്പിൽ ധർണ്ണ നടത്താൻ ചെന്ന സ്വകാര്യ കോളജ് അധ്യാപകരെ മാനേജ്മെൻറ് ഗുണ്ടകളെക്കൊണ്ടു മർദിപ്പിച്ചതിൽ കെ പി ടി യു ശക്തമായി പ്രതിഷേധിക്കുന്നു.

ന്യായമായ ഒരാവശ്യം ഉന്നയിച്ചുകൊണ്ടു് സമാധാനപരമായി നടത്തുന്ന പ്രക്ഷോഭങ്ങളെ ഗുണ്ടകളെ ഉപയോഗിച്ച് നേരിടുന്നതും അതിനു സർക്കാർ കൂട്ടു നിൽക്കുന്നതും ഏതൊരു ജനാധിപത്യവാദിക്കും ഞെട്ടലുണ്ടാക്കുന്നതാണ്, ഈ സംഭവത്തിൽ കേരളത്തിലെ മുഴുവൻ സ്വകാര്യ സ്കൂൾ അധ്യാപകരും കടുത്ത പ്രതിക്ഷേധം ഉയർത്തണമെന്ന് കെ പി ടി യു അഭ്യർഥിക്കുന്നു.

## ചങ്ങനാശ്ശേരിയിൽ

